LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ജില്ലയിൽ പഞ്ചായത്ത്/മുനിസിപ്പൽ വിഭജനം

204 (1621) ശ്രീ.കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ പഞ്ചായത്ത്/മുനിസിപ്പൽ വിഭജനങ്ങളുടെ ഭാഗമായി എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഭജനത്തിന് മാനദണ്ഡം പാലിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ?

ഉത്തരം

(എ) കണ്ണൂർ മുനിസിപ്പിലാറ്റിയും പള്ളിക്കുന്ന്, പുഴാതി, എടക്കാട്, എളയാവൂർ, ചേലോറ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളും കൂട്ടിച്ചേർത്ത് കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷനും തളിപ്പറമ്പ് മുനിസിപ്പാലിറ്റി വിഭജിച്ച് ആന്തൂർ മുനിസിപ്പാലിറ്റി രൂപീകരിക്കുവാനും കീഴ്ർ-ചാവശ്ശേരി ഗ്രാമപഞ്ചായത്ത് പ്രദേശം മുനിസിപ്പാലിറ്റിയായി പരിവർത്തനപ്പെടുത്തുന്നതിനും പാനൂർ, പെരിങ്ങളം, കരിയാട് ഗ്രാമപഞ്ചായത്ത് പ്രദേശങ്ങൾ കൂട്ടിച്ചേർത്ത് പാനൂർ മുനിസിപ്പാലിറ്റി രൂപീകരിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഉണ്ട്. ജനസംഖ്യ, ഭൂവിസ്തൃതി, പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, മെച്ചപ്പെട്ട സർവ്വീസ് ഡെലിവറി ലഭ്യമാക്കുന്നതിനുള്ള സൗകര്യം എന്നിവയാണ് മുഖ്യമാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്.

ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക

205 (1622) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾവഴി വിതരണം ചെയ്യുന്ന ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ ;

(ബി) പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) നടപ്പു സാമ്പത്തിക വർഷം ഓരോ പെൻഷനും വേണ്ടി നീക്കിവച്ച തുക സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) ഓരോ പെൻഷന് വേണ്ടിയും നാളിതുവരെ ചെലവാക്കിയ തുക എത്രയെന്ന് വെളിപ്പെടുത്താമോ ?